(ജെ) എങ്കിൽ അതിനെപ്പറ്റി വിശദീകരിക്കുമോ;

(കെ) ഈ പദ്ധതിക്കുവേണ്ടി ഏതുതരം വയർലസ് ഉപകരണങ്ങൾ നൽകാനാണ് ഫിഷറീസ് വകുപ്പ് തീരുമാനിച്ചിരിക്കുന്നത്;

(എൽ) വയർലസ് സെറ്റുകൾ ഉപയോഗിക്കുന്നതിനായി ഫിഷറീസ് വകുപ്പിന് കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അനുമതി ലഭിച്ചത്?

ഉത്തരം

(എ) ഉണ്ട്.

(ബി) പരീക്ഷണം തീർത്തും വിജയകരമായിരുന്നു.

(സി) അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് കരയുമായി ബന്ധപ്പെടാൻ കഴിയും. അവരുടെ സ്വത്തിനും ജീവനും സംരക്ഷണം നൽകുവാനും അവരിൽ സുരക്ഷിതത്വബോധം വർദ്ധിപ്പിക്കുവാനും സാധിക്കും. കാലാവസ്ഥാമാറ്റങ്ങൾ യഥാസമയം മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരെ അറിയിക്കുവാനും അതുമൂലം അപകടം കുറയ്ക്കുവാനും കഴിയും. മത്സ്യബന്ധനം കഴിഞ്ഞു കരയിൽ എത്തുന്ന ഏകദേശസമയം മത്സ്യത്തൊഴിലാളിക്ക് മുൻകൂട്ടി കരയിൽ അറിയിക്കുവാൻ സാധിക്കും. ഇതുവഴി വിപണനവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ മുൻകൂട്ടി ഏർപ്പെടുത്തുവാൻ സാധിക്കും.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) ഉണ്ടാകും.

(ജി) റിപ്പീറ്റർ സ്റ്റേഷൻവഴി ഫിഷറീസ് ബേസ് സ്റ്റേഷനുമായി ബന്ധപ്പെടാൻ സൗകര്യമുണ്ടായിരിക്കും. വള്ളം ഉടമയ്ക്ക് ബേസ് സ്റ്റേഷനുമായി ബന്ധപ്പെട്ടു വിവരങ്ങൾ അറിയാൻ കഴിയും.

(എച്ച്) തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള കടലോരപ്രദേശത്ത് പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടേയുള്ളു.

(ഐ)&(ജെ) നിലവിൽ പദ്ധതികൾ ഒന്നുംതന്നെയില്ല. എന്നാൽ വയർലസ് സംവിധാനം നിലവിൽ വരുന്ന മുറയ്ക്ക് പരിശീലനം നൽകുന്ന കാര്യം ആലോചിക്കുന്നതാണ്.

(കെ) ബേസ് സ്റ്റേഷനുകളിലും റിപ്പീറ്റർ സ്റ്റേഷനുകളിലും സാധാരണ വയർലസ് ഉപകരണങ്ങളും മത്സ്യത്തൊഴിലാളികൾക്ക് മറൈൻ സെറ്റുകളും നൽകാനാണ് ഉദ്ദേശിക്കുന്നത്.

(എൽ) കേന്ദ്ര ഗവണ്മെന്റിന്റെ തത്വത്തിലുള്ള അംഗീകാരം 25.1.99 ൽ ലഭിച്ചിട്ടുണ്ട്.

(3446) മത്സ്യക്കുഞ്ഞുങ്ങളുടെ ഉല്പാദനം

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യക്കൃഷിക്കാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ഏതെല്ലാം കേന്ദ്രങ്ങളിലാണ് ഉല്പാദിപ്പിക്കുന്നതെന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തിനു പുറത്തുനിന്നും മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങുന്നുണ്ടോ;

(സി) 1998-99 ൽ ഫിഷറീസ് വകുപ്പ് എന്തു തുകയ്ക്ക് മത്സ്യക്കുഞ്ഞുങ്ങളെ വാങ്ങി എന്ന് അറിയിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ നെയ്യാർഡാമിന് സമീപമുള്ള സർക്കാർ ഫാമിൽ പരിമിതമായ തോതിൽ മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നു. കൊല്ലം ജില്ലയിൽ തിരുമുല്ലവാരം, മലപ്പുറം ജില്ലയിൽ വെളിയംകോട്, കണ്ണൂർ ജില്ലയിൽ മാപ്പളബേ എന്നിവിടങ്ങളിലെ മത്സ്യഫെഡിന്റെ ചെമ്മീൻ ഹാച്ചറികളിലും, കൊല്ലം ജില്ലയിൽ നീണ്ടകര, തൃശൂർ ജില്ലയിൽ അഴിക്കോട് എന്നീ ഫിഷറീസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഹാച്ചറികളിലും തിരുവനന്തപുരം ജില്ലയിൽ പൊഴിയൂർ, കൊല്ലം ജില്ലയിൽ പുന്നത്തല, ആലപ്പുഴ ജില്ലയിൽ തോട്ടപ്പള്ളി, പതിയാങ്കര, എറണാകുളം ജില്ലയിൽ എരിയാട്, തളിക്കുളം എന്നിവിടങ്ങളിലെ സഹകാര്യമേഖലയിൽ പ്രവർത്തിക്കുന്ന 11 ചെമ്മീൻ ഹാച്ചറികളിലും, പരപ്പനങ്ങാടി, പന്നിവേലിച്ചിറ ഉള്ളനം, പോളച്ചിറ തുടങ്ങിയ സർക്കാർ ഫാമുകളിലും, പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങളായ മീൻകര, ചുള്ളിയാർ, വാളയാർ, പോത്തുണ്ടി, പെരുവണ്ണാമൂഴി, മംഗലം, കാഞ്ഞിരപ്പുഴ എന്നിവിടങ്ങളിലും, ജനകീയ മത്സ്യക്കൃഷിയിൽ "റിയറിംഗ് ഫാമർ" പദ്ധതി പ്രകാരം മത്സ്യകർഷകരുടെ കുളങ്ങളിലും എഫ്.എഫ്.ഡി.എ., ബി.എഫ്.എഫ്.ഡി.എ. ഹാച്ചറികളിലും സംസ്ഥാനത്ത് മത്സ്യക്കൃഷിക്കാവശ്യമായ മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നു.

(ബി) ഇല്ല.

(സി) 1,15,13,254.75 രൂപയുടെ മത്സ്യക്കുഞ്ഞുങ്ങൾ വാങ്ങി.

(3449) കാലവർഷക്കെടുതിക്കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എ. കണാരൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാലവർഷക്കെടുതിക്കാലത്ത് മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതിപ്രകാരം ധനസഹായം നൽകുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത ധനസഹായ പദ്ധതിയിലുൾപ്പെടുത്തി എത്ര മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകിയെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly